# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

## 'ഇന്ദിരാ ആവാസ് യോജന'

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3504

10.04.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ദുർബലവിഭാഗത്തിൽപ്പെട്ട ഭവനരഹിതരായവർക്ക് ഭവന നിർമ്മാണത്തിന് ഇന്ദിരാ ആവാസ് യോജനക്കായി 2011-2012 സാമ്പത്തികവർഷത്തിലും 2012-2013 സാമ്പത്തിക വർഷത്തിലും എത്ര തുക ഗ്രാമപഞ്ചായത്തുകൾ മുഖേന ലഭ്യമാകുമെന്നാണ് ഗവൺമെന്റ് വാഗ്ദാനം ചെയ്തതെന്ന് വ്യക്തമാക്കുമോ; | (എ) | ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരമുള്ള തുക ലഭ്യമാക്കുന്നത് ഗ്രാമപഞ്ചായത്തുകളിലൂടെയല്ല. കേന്ദ്ര സംസ്ഥാനവിഹിതവും ത്രിതല പഞ്ചായത്തുകളുടെ വിഹിതമായി കണ്ടെത്തുന്ന തുകയും ഉൾപ്പെടെ തുക ലഭ്യമാക്കുന്നത് ബ്ലോക്കു പഞ്ചായത്തുകളിലൂടെയാണ്. |
| (ബി) | 2011-2012 ൽ എത്ര തുക ഇതു പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയെന്നും 2012-2013 ൽ എത്ര തുക നൽകിയെന്നും വ്യക്തമാക്കുമോ; | (ബി) | ഗ്രാമപഞ്ചായത്ത് തുക നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്യാത്തതിനാൽ തുകയൊന്നും നൽകിയിട്ടില്ല. |
| (സി) | പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 2012 സെപ്റ്റംബർ 18 ന് തദ്ദേശസ്വയംഭരണവകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് ലഭ്യമാക്കുമോ; | (സി) | അനുബന്ധം I ആയി ചേർക്കുന്നു. |
| (ഡി) | പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുക തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തന്നെ കണ്ടെത്തണമെന്ന് അറിയിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) | അനുബന്ധം II ആയി ചേർക്കുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ